## ശ്രദ്ധക്ഷണിക്കൽ

സർക്കാർ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനം

ശ്രീ. എം. ഉമ്മർ: സർ, ഭരണഘടനയുടെ 309-ാം വകുപ്പുപ്രകാരമാണ് സംസ്ഥാനത്ത് ഗവൺമെന്റ് സർവ്വന്റ്സ് കോൺടാക്ട് റൂൾ 1960-ൽ നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ ഒരു സർക്കാർ ജീവനക്കാരൻ അയാൾ ഏത് തസ്തികയിലാണെങ്കിലും പാലിക്കപ്പെടാൻ ബാധ്യസ്ഥനാണ്. പ്രസ്തുത ചട്ടങ്ങളിൽ, ഒരു സർക്കാർ ജീവനക്കാരൻ തന്റെ ഔദ്യോഗികമായ വിവരങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ വെളിപ്പെടുത്തുന്നത് നിയന്ത്രിച്ചിരിക്കുന്നു. റൂൾ 3 പ്രകാരം, " Every Government servants shall at all times maintain absolute integrity and devotion to duty." കൂടാതെ, in Rule 22:- " Government servants shall not engage themselves in litigation where they have no direct personal interest." Rule 56 & 58:- " Government servants shall not vindicate their personal grievances to the press, public men and leaders of political parties, ministers or the Governor." റൂൾ 61 കൂടി പ്രധാനപ്പെട്ടതാണ്; " They shall not participate in non-official conferences or meetings other than scientific,

literacy or artistic matters.” ഇത്തരത്തിൽ ചട്ടങ്ങളിൽ വ്യവസ്ഥകൾ നിലനിൽക്കുന്നുവെങ്കിലും അതൊക്കെ ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാർ മാധ്യമങ്ങളിൽ പരസ്യ പ്രസ്താവന നടത്തുന്നത് ഒരു നിത്യസംഭവമായി മാറിയിരിക്കുകയാണ്. എന്നാൽ ഇത്തരം കേസുകളിൽ ചില ഉദ്യോഗസ്ഥർക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഗവൺമെന്റിന്റെ നയങ്ങളും ഭരണ രഹസ്യങ്ങളും ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നത് നിലവിലുള്ള നിയമത്തിന്റെ പോരായ്മകൾ കൊണ്ടാണ്. അതിനാൽ പ്രസ്തുത പോരായ്മകൾ പരിഹരിച്ച് നിയമനിർമ്മാണത്തിലൂടെയോ ഭേദഗതിയിലൂടെയോ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കി ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടം കൃത്യമായി പാലിക്കപ്പെടുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60-ൽ, യാതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും സംഭാഷണത്തിലൂടെയോ എഴുത്തിലൂടെയോ മറ്റു രീതികളിലൂടെയോ സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ പൊതുജന മദ്ധ്യത്തിൽ ചർച്ചചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രവുമല്ല, ഇക്കാര്യം വ്യക്തമാക്കി സർക്കാർ 05.10.1983-ൽ

സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ചട്ടങ്ങളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കെതിരെ സർക്കാർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് കർക്കശമായ നിലപാടുതന്നെ സ്വീകരിക്കും.

(സീറ്റിലില്ലാതിരുന്നതിനാൽ ശ്രീ. രാജു എബ്രഹാം ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാന്യരായ മന്ത്രിമാർ സബ്മിഷനുകൾക്കുള്ള മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകും.